**കേരള സർക്കാർ**
**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**

---

**പത്രക്കുറിപ്പ്  'ഭരണഭാഷ-മാതൃഭാഷ'  2018 ഒക്ടോബർ 09 ചൊവ്വ**

---

# ഒരു വീട്ടിൽ നിന്ന് ഒരു പുസ്തകം: ബ്ലോക്കുതല സംഘാടക സമിതി രൂപീകരിച്ചു

ആലപ്പുഴ: പ്രളയത്തിൽ പുസ്തകങ്ങൾ നഷ്ടപ്പെട്ട ഗ്രന്ഥശാലകൾക്ക് പുസ്തകങ്ങൾ സമാഹരിച്ചു നൽകാൻ ഗാന്ധിജയന്തി ജില്ലാതല സംഘാടക സമതിയുടെ നേതൃത്വത്തിലുള്ള ഒരു വീട്ടിൽ നിന്ന് ഒരു പുസ്തകം പദ്ധതിയുടെ ഭാഗമായി തൈക്കാട്ടുശ്ശേരി ബ്ലോക്കുതല സംഘാടക സമിതി രൂപീകരിച്ചു. തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നിർമ്മല ശെൽവരാജ് ചെയർമാനായും വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ മേഘ വേണു കൺവീനറായും ഉള്ള സംഘാടക സമതിയിൽ ഗ്രാമപഞ്ചാത്തുകളിലെ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി അധ്യക്ഷന്മാർ, സാക്ഷരത പ്രേരക്മാർ, സി.ഡി. എസ്. ചെയർപേഴ്സണമാർ എന്നിവരും ഉൾപ്പെടും. വാർഡുതല കമ്മറ്റികൾ രൂപികരിക്കാനും പുസ്തകങ്ങൾ ശേഖരിക്കാനും യോഗം തീരുമാനിച്ചു. യോഗത്തിൽ തൈക്കാട്ടുശ്ശേരി ബ്ലോക്ക് ജി.ഇ.ഒ. മഹേഷ് സ്വാഗതം ആശംസിച്ചു. തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നിർമ്മല ശെൽവരാജ് അധ്യക്ഷത വഹിച്ചു. ബി.ഡി. ഒ. എസ്. സലില പദ്ധതി വിശദീകരിച്ചു.

# ഇന്നത്തെ യോഗം മാറ്റി

ആലപ്പുഴ: അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് 2019-2020 വാർഷിക പദ്ധതി രൂപീകരണത്തിനായി ഒക്ടോബർ 10ന് ചേരാൻ നിശ്ചയിച്ചിരുന്ന യോഗം ഒക്ടോബർ 12ലേക്കുമാറ്റി. വെള്ളിയാഴ്ച രാവിലെ 10.30നാണ് യോഗം.

# പോലീസ് അനുസ്മരണ ദിനം 21ന്

ആലപ്പുഴ: ഒക്ടോബർ 21ന് പോലീസ് അനുസ്മരണ ദിനമായി ആചരിക്കുന്നു. രാവിലെ 7.45ന് പോലീസ് പരേഡ് ഗ്രൗണ്ടിൽ പരേഡ് നടത്തും.ജില്ല പോലീസ് മേധാവി എസ്.സുരേന്ദ്രൻ ആതിഥേയനാകും. സ്റ്റുഡൻസ് പോലീസ് കേഡറ്റുകൾ, ജനമൈത്രി സമിതി അംഗങ്ങൾ, കടലോര ജാഗ്രത സമതി അംഗങ്ങൾ തുടങ്ങിയവർ പങ്കെടുക്കും. രാവിലെ 8.30ന് പോലീസ് ഗ്രൗണ്ടിൽ നിന്ന് ഇരുമ്പുപാലം വഴി ഇ.എം.എസ് സ്റ്റേഡിയത്തിലേക്ക് കൂട്ടയോട്ടം സംഘടിപ്പിച്ചിട്ടുണ്ട്. ജില്ല പോലീസ് മേധാവി ഫ്ളാഗ് ഓഫ് ചെയ്യും. രാവിലെ 11ന് ജില്ല റിസർവ് ക്യാമ്പിൽ രക്തദാന ക്യാമ്പ് നടത്തും.

## ഹോമിയോ മെഡിക്കൽ ഓഫീസർ: അഭിമുഖം 16ന്

ആലപ്പുഴ: ജില്ല ഹോമിയോ ആശുപത്രിയിൽ മെഡിക്കൽ ഓഫീസർ തസ്തകയിൽ ഒഴിവുണ്ട്. ബിരുദാനന്ത ബിരുദ യോഗ്യതയും സർക്കാർ അംഗീകൃത യോഗ്യതയുമുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷകർക്ക് 25നും 45നുമിടയിൽ പ്രായമുണ്ടായിരിക്കണം. നിയമനം താത്കാലികമായിരിക്കും. പദ്ധതി നിർവഹണ കാലത്തേക്കോ പരമാവധി ആറുമാസത്തേക്കോ ആയിരിക്കും നിയമനം. ഉദ്യോഗാർത്ഥികൾ ഒക്ടോബർ 16ന് രാവിലെ 10.30ന് ഇരുമ്പ് പാലത്തിന് സമീപം കോഴിക്കൂട്ടുങ്കൽ കെട്ടിടത്തിന്റെ മൂന്നാം നിലയിലുള്ള ജില്ല ഹോമിയോ മെഡിക്കൽ ഓഫീസിലെത്തണം. വിവരങ്ങൾക്ക് 0477-2262609 എന്ന ഫോൺ നമ്പറിൽ വിളിക്കാം.

## അറ്റന്റർ നിയമനം: അഭിമുഖം 22ന്

ആലപ്പുഴ: ആലപ്പുഴ, ചേർത്തല ഹോമിയോ ആശുപത്രികളിലേക്ക് താത്കാലികമായി അറ്റൻഡറെ നിയമിക്കുന്നു. സർക്കാർ അംഗീകൃത യോഗ്യതയും കംപ്യൂട്ടർ പരിജ്ഞാനവും മൂന്നു വർഷം പ്രവൃത്തിപരിചയവുണ്ടായിരിക്കണം. പ്രായം 25നും 45നുമിടയിൽ. താൽപ്പര്യമുള്ളവർ 22ന് രാവിലെ 11ന് ഇരുമ്പ് പാലത്തിന് സമീപം കോഴിക്കൂട്ടുങ്കൽ കെട്ടിടത്തിന്റെ മൂന്നാം നിലയിലുള്ള ജില്ല ഹോമിയോ മെഡിക്കൽ ഓഫീസിലെത്തണം.പദ്ധതി നിർവഹണ കാലത്തേക്കോ പരമാവധി ആറുമാസത്തേക്കോ ആയിരിക്കും നിയമനം.വിവരങ്ങൾക്ക് 0477-2262609 എന്ന ഫോൺ നമ്പറിൽ വിളിക്കാം.

## ഫാർമസിസ്റ്റ് നിയമനം: അഭിമുഖം 16ന്

ആലപ്പുഴ: ആലപ്പുഴ, ചേർത്തല ഹോമിയോ ആശുപത്രികളിലേക്ക് താത്കാലികമായി ഫാർമസിസ്റ്റിനെ നിയമിക്കുന്നു. സർക്കാർ അംഗീകൃത യോഗ്യതയുള്ള 25നും 45നുമിടയിൽ പ്രായമുള്ള ഉദ്യോഗാർത്ഥികൾക്ക് പങ്കെടുക്കാം. ഒക്ടോബർ 16ന് ഉച്ചയ്ക്ക് 12ന് ഇരുമ്പ് പാലത്തിന് സമീപം കോഴിക്കൂട്ടുങ്കൽ കെട്ടിടത്തിന്റെ മൂന്നാം നിലയിലുള്ള ജില്ല ഹോമിയോ മെഡിക്കൽ ഓഫീസിലെത്തണം. പദ്ധതി നിർവഹണ കാലത്തേക്കോ പരമാവധി ആറുമാസത്തേക്കോ ആയിരിക്കും നിയമനം. വിവരങ്ങൾക്ക് 0477-2262609 എന്ന ഫോൺ നമ്പറിൽ വിളിക്കാം.